Volume- 08
Issue- 26
20 Nov. 2016

എമ്മാവൂസ്
# വചനദൂത്

പള്ളിക്കൂദാശകാലം നാലാം ഞായർ മത്താ 22:4146

# ക്രിസ്തുവിന്റെ രാജത്വ തിരുനാൾ



Bro. Jithin Antony MCBS

ക്രിസ്തുവിന്റെ രാജത്വതിരുനാൾ ഇന്ന് പരിശുദ്ധ കത്തോലിക്കാ സഭ 'ക്രിസ്തുവിന്റെ രാജത്വതിരുനാൾ' ആഘോഷിക്കുകയാണ്. ഈ തിരുനാൾ സഭയിൽ ആഘോഷിക്കാൻ തുടങ്ങിയതിന്റെ കാരണവും അതിന്റെ ഉദ്ദേശ്യവുമെല്ലാം അറിയുക എന്നത് സഭാതനയരായ നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

1925 ൽ 11ാം പീയൂസ് മാർപ്പാപ്പായാണ് തന്റെ ചാക്രിക ലേഖനമായ 'ക്വാസ് പ്രീമാസിലൂടെ സാർവ്വത്രിക സഭയിലുടനീളം ക്രിസ്തുവിന്റെ രാജത്വ തിരുനാൾ ആഘോഷിക്കാൻ തുടങ്ങിയത്. വളർന്നു വരുന്ന ഭൗതികതയുടെ പിടിയിലമർന്ന് സഭയുടെ സ്വാധീനം ജനഹൃദയങ്ങളിൽ കുറഞ്ഞു വരികയും മതപൗരോഹിത്യ വിരുദ്ധ ചിന്തകൾ വളർന്നു വരികയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് പാപ്പാ ഇപ്രകാരം ഒരു തിരുനാൾ സഭയിൽ ആഘോഷിക്കാൻ തീരുമാനിച്ചത്.

ഇന്നും ക്രിസ്തീയ ജീവിതത്തിന്റെ വിശുദ്ധിയെയും മഹത്വത്തെയും വിലകുറച്ചു കാണുന്ന ഈ കാലഘട്ടത്തിലും 'ക്രിസ്തു രാജന്റെ തിരുനാളിന്' ആഴമായ അർത്ഥവും പ്രസക്തിയും ഉണ്ടെന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല.

ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ ദിനത്തിൽ 'രാജാവായ ക്രിസ്തുവിനെ മനസ്സിലാക്കുക' എന്നത് കൂടുതൽ പ്രധാനമാണ്.

സുവിശേഷത്തിന്റെ ആരംഭം മുതൽ അവസാനം വരെ സുവിശേഷം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന വലിയ സത്യം. സ്വർഗ്ഗരാജ്യത്തയും രാജാവായ ക്രിസ്തുവിനെയും കുറിച്ചാണ്.

യേശുവിന്റെ ജനനത്തെക്കുറിച്ച് ഗബ്രിയേൽ ദൂതൻ മാതാവിനെ അറിയിപ്പ് നൽകുമ്പോൾ പറയുന്നത് ഇപ്രകാരമാണ്. ''അവൻ വലിയവനായിരിക്കും അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവൻ കൊടുക്കും. യാക്കോബിന്റെ ഭവനത്തിൽ അവൻ എന്നേയും ഭരണം നടത്തും അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല'' (ലൂക്കാ 1:32).

സ്നാപകയോഹന്നാന്റെ പ്രഭാഷം ആരംഭിക്കുന്നത് ഇപ്രകാരമാണ്, ''മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു'' (മത്താ 3:2). ഇവിടെ യോഹന്നാൻ പ്രതിപാദിക്കുന്നത് യേശുവിന്റെ ഭൂമിയിലുള്ള ആഗമനവും അതുവഴിയുണ്ടായ സ്വർഗ്ഗരാജ്യ സമീപനത്തെക്കുറിച്ചുമാണ്. വീണ്ടും സുവിശേഷത്തിലൂടെ മുന്നോട്ടു പോകുമ്പോൾ നാം കാണുന്നത് യേശുവെന്ന രാജാവിനെയും അവിടുത്തെ സ്വർഗ്ഗീയ



രാജ്യത്തെയും കുറിച്ചാണ്. മത്തായിയുടെ സുവിശേഷം 20: 2 ൽ സെബദീപുത്രന്മാരുടെ അമ്മ വന്ന് ചോദിക്കുന്നത് വളരെ ശ്രദ്ധാർഹമാണ്, ''നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു പുത്രന്മാരിൽ ഒരുവൻ നിന്റെ വലതുവശത്തും അപരൻ ഇടതുവലത്തും ഇരിക്കുന്നതിനു കൽപ്പിക്കണമേ.'' ഈ വചനവും യേശുവിന്റെ രാജത്വത്തെയാണ് ഓർമ്മപ്പെടുത്തുക. മത്തായി 20:31 ൽ അന്ധന്മാർ യേശുവിനെ വിശേഷിപ്പിക്കുന്നത് ശ്രദ്ധിക്കുക, ''കർത്താവേ ദാവീദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ'' എന്ന്. ദാവീദിന്റെ പുത്രൻ വിശേഷണം വഴി ദാവീദ് രാജാവിന്റെ പുത്രൻ രാജാവാണ് എന്ന് ഓർമ്മപ്പെടുത്തുകയാണ്.

മത്തായി 22:44 ൽ യേശു തന്നെതന്നെ ദാവീദിന്റെ പുത്രൻ എന്നു വിശേഷിപ്പിക്കുന്നത് വളരെ ശ്രദ്ധാർഹമാണ്. മത്തായി 21:5 ൽ യേശുവിനെ വീണ്ടും രാജാവായി അവതരിപ്പിക്കുന്നത് കാണാൻ സാധിക്കും- ''യേശു കഴുതക്കുട്ടിയുടെ പുറത്തു കയറി ജറുസലേമിലേക്ക് പ്രവേശിക്കുമ്പോൾ ഇപ്രകാരം പറയുന്നു'' സിയോൻ പുത്രീ- ഇതാ നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്ക് വരുന്നു.''

വീണ്ടും സുവിശേഷത്തിന്റെ അവസാന ഭാഗത്തേക്ക് എത്തി നിൽക്കുമ്പോൾ സ്വർഗ്ഗരാജ്യത്തെപ്പറ്റി പ്രസംഗിച്ചു. ക്രിസ്തു എന്ന രാജാവ് എല്ലാവരുടെയും മുമ്പിൽ തോൽക്കുന്നതായാണ് സുവിശേഷം അവതരിപ്പിക്കുന്നത്. യേശു തന്റെ പരസ്യജീവിതകാലം മുഴുവൻ പ്രയത്നിച്ചത് തന്റെ 'രാജത്വം' അവർക്ക് വെളിപ്പെടുത്തുവാനായിരുന്നു. എന്നാൽ ഐഹികമായ ഒരു രാജ്യവും രാജാവിനെയും പ്രതീക്ഷിച്ച ജനങ്ങൾക്ക് തെറ്റി. എല്ലാവിധത്തിലും തോറ്റ ആ രാജാവ് തന്റെ അവസാന നിമിഷങ്ങളിൽ പീലാത്തോസിന്റെ ചോദ്യത്തിന് ഉത്തരം നൽകി- യോഹന്നാന്റെ സുവിശേഷം 18: 33 ലാണ് നാമിത് കാണുക. പീലാത്തോസ് ചോദിച്ചു, ''നീ യഹൂദരുടെ രാജാവാണോ?'' യേശു മറുപടി പറഞ്ഞു: ''നീ തന്നെ അത് പറയുന്നു. എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നുവെങ്കിൽ എന്റെ സേവകർ എനിക്കായി പോരാടുമായിരുന്നു.'' തന്റെ അവസാന നിമിഷങ്ങളിൽ പോലും യേശു പ്രഖ്യാപിക്കുകയാണ് തന്റെ 'രാജ്യത്വവും ദൈവരാജ്യാഗമനവും.'

ഇങ്ങനെ സുവിശേഷം മുഴുവനും യേശുവിനെ രാജാവായി അവതരിപ്പിക്കുന്ന രംഗങ്ങളാണ് നാം കാണുക. എന്നാൽ ഇത് മനസ്സിലാക്കാൻ കഴിയാതെ പോകുന്ന ഒരു ജനതതിയെയാണ് ബൈബിളിലൂടനീളം നമുക്ക് ദർശിക്കാൻ സാധിക്കുക.

ഇന്നും വിശുദ്ധ കുർബാനയായി തീർന്നുകൊണ്ട് നമ്മുടെയൊക്കെ ജീവിതങ്ങളിലും ഹൃദയങ്ങളിലും രാജാവായി മാറാനുള്ള കൊതിയോടെ നിത്യരാജാവായ, ഈശോ കടന്നുവരുന്നുണ്ട്. എന്നാൽ ഈ രാജാവിനെ യഥാർത്ഥ സ്നേഹത്തോടും വിശ്വാസത്തോടും കൂടെ സ്വീകരിക്കാൻ സാധിക്കുന്നുണ്ടോ? ഒരു കൂട്ടം ജനതതിയെ പോലെ അവനെ രാജാവായി ഏറ്റുപറയുവാൻ നാം പരാജയപ്പെടുകയാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. യേശുവിനെ രാജാവായി സ്വീകരിക്കുമ്പോൾ, നമ്മുടെ മേലുള്ള പൂർണ്ണ അധികാരവും സ്വാതന്ത്ര്യവും നാം അവിടുത്തേക്ക് നൽകേണ്ടിയിരിക്കുന്നു. അവിടുത്തെ പ്രിയ മക്കളായി നാം മാറുമ്പോൾ നമ്മുടെ ഇഷ്ടങ്ങളല്ല മറിച്ച് അവിടുത്തെ ഇഷ്ടങ്ങളാകണം നമ്മുടെ ഇഷ്ടങ്ങളും സ്വപ്നങ്ങളും. അപ്പോഴാണ് നമുക്കിങ്ങനെ പ്രാർത്ഥിക്കാൻ കഴിയൂ.

രാജാക്കന്മാരുടെ രാജാവേ
നിന്റെ രാജ്യം വരേണമേ
നേതാക്കന്മാരുടെ നേതാവേ
നിന്റെ നന്മ നിറയേണമേ.

